പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം: 3312

18/02/2013 ൽ

മറുപടിക്ക്

## കേരള കലാമണ്ഡലത്തിലെ അദ്ധ്യാപക ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) കേരള കലാമണ്ഡലത്തിൽ കഥകളി വേഷം, ചെണ്ട, മദ്ദളം തുടങ്ങിയ അദ്ധ്യാപക തസ്തികകളിലേക്ക് അവസാനമായി അപേക്ഷ ക്ഷണിച്ചതെപ്പോഴാണ്; | (എ) 16/04/2010 ന്. |
| (ബി) പ്രസ്തുത വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചവർക്ക് പരീക്ഷ നടത്തുകയോ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത്ര കാലതാമസമുണ്ടായതെന്നും പ്രസ്തുത അപേക്ഷകൾ പ്രകാരം പരീക്ഷ നടത്തി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ; | (സി) നിയമന നടപടികൾ നടത്തുന്നതിനാവശ്യമായ ബൈലോ നിലവിൽ വരാത്തതിനാൽ നിയമനം നടത്തുവാൻ കാലതാമസമുണ്ടായി. ബൈലോ 2012 ഒക്ടോബറിൽ സർക്കാർ അംഗീകരിച്ചു. നിയമനം സംബന്ധിച്ചുള്ള കാര്യങ്ങൾ എക്സിക്യൂട്ടീവ് ബോർഡിന്റെ പരിഗണനയിലാണ്. |
| (ഡി) ഇപ്പോൾ കഥകളി വേഷം, ചെണ്ട, മദ്ദളം അദ്ധ്യാപക തസ്തികകളിൽ എത്ര ഒഴിവുകളാണുള്ളതെന്നും വ്യക്തമാക്കുമോ? | (ഡി) കഥകളി വേഷത്തിന് 7 -ഉം<br>ചെണ്ടയ്ക്ക് 4- ഉം<br>മദ്ദളത്തിന് 3- ഉം ഒഴിവുകളുണ്ട് |

സെക്ഷൻ ഓഫീസർ